₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 13
Issue 4

**October 2024**

pages 24

"നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കയില്ല; ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക"

**(യോശുവ 1:5–6)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

Volume 13 Issue 4 October 2024 pages 24 Rs.5/

**Email:** reallifekottekad@gmail.com **Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Book No. 154**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013



**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## ഉള്ളടക്കം

പേജ്


- **'ഇരുന്ന് ശ്രദ്ധിക്കൽ' ശുശ്രൂഷ** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (8) 8
- **കെ. വി. ഐസക്ക്** (അഭിമുഖം)(7) 11
- **യോനാ** (പുസ്തകപഠനം) (5) 15
- **ഓർമ്മകൾ** (41) 18
- **ഓരോരോ ജന്മങ്ങള്** (6) 22
- **പുഷ്പൻ എന്ന രക്തപുഷ്പം** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# 'ഇരുന്ന് ശ്രദ്ധിക്കൽ' ശുശ്രൂഷ

കാൽ നാട്ടൽ ശുശ്രൂഷയുടെ അനുഗ്രഹത്തിനുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ച് എവിടെയോ വായിച്ചതായി ഓർക്കുന്നുണ്ട്. അതായത്, സഭയുടെ കൺവൻഷൻ നടത്തുന്നതിനുവേണ്ടി പന്തലിടുകയാണ്. ആദ്യത്തെ കാൽ (തൂണ്) ഇടുന്നത് പ്രാർത്ഥനയോടുകൂടിയാണ്. പണിക്കാർ കുഴി കുഴിച്ചിട്ടുണ്ട്. ദൈവദാസൻ പാട്ടുപാടി പ്രാർത്ഥിക്കും. അതിനുശേഷം, പണിക്കാർ ആ കാല് കുഴിയിൽ വയ്ക്കുമ്പോൾ, ദൈവദാസൻ ആ കാലിൽ (തൂണിൽ) ഒന്ന് തൊട്ടിട്ടുണ്ടായിരിക്കും.

അങ്ങനെ, ദൈവദാസൻ പ്രാർത്ഥിച്ച് കാൽ നാട്ടി എന്നു പറയും. അതിന്റെ ഫോട്ടോ പ്രസിദ്ധീകരിക്കും. ഫോട്ടോയുടെ അടിക്കുറിപ്പായി, 'കാലിടൽ ശുശ്രൂഷ' എന്നോ 'കാൽ നാട്ടൽ ശുശ്രൂഷ' എന്നോ കൊടുക്കും. ഇങ്ങനെയൊരു ശുശ്രൂഷയെപ്പറ്റി ബൈബിളിൽ കാണാത്തതിൽ പരിഭവിക്കേണ്ടതില്ല. ബൈബിളെഴുതുന്ന കാലഘട്ടത്തിൽ പന്തലിടുന്ന പരിപാടിയും കൺവൻഷൻപരിപാടിയുമൊന്നും ഉണ്ടായിരുന്നില്ലല്ലോ. (പന്തൽപ്പണിക്കാർ വൃത്തിയായി ചെയ്യുന്ന ഒരു കാര്യം എങ്ങനെയാണ് ദൈവമുമ്പാകെയുള്ള ദൈവമക്കളുടെ ശുശ്രൂഷയായിത്തീരുന്നത് എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു)

**എന്താണ് ശുശ്രൂഷ?**

ശുശ്രൂഷ എന്നാൽ സേവനം (service) എന്നർത്ഥം. രോഗിയെ ശുശ്രൂഷിക്കുക എന്ന് നാം പറയാറുണ്ട്. "ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്" എന്ന് 1 കൊരിന്ത്യർ 12:5 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവമുമ്പാകെ നാം നടത്തുന്ന ശുശ്രൂഷകളാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. ദൈവത്തിന് മഹത്വം കൊടുത്തുകൊണ്ട് നാം ചെയ്യുന്ന കാര്യങ്ങളെ ശുശ്രൂഷകൾ എന്നു വിളിക്കാം. സഭായോഗത്തിൽ പാട്ടുകൾ പാടുന്നതിന് നേതൃത്വം കൊടുക്കുന്നത് മാത്രമല്ല ശുശ്രൂഷ; എല്ലാവരും ഒരുമിച്ചിരുന്ന് പാടുന്നതും ശുശ്രൂഷയാണ്. എല്ലാവരുടെയും കൂട്ടത്തിൽ ഇരുന്ന് പാടുന്ന ഏതൊരു വ്യക്തിയും ശുശ്രൂഷ തന്നെയാണ് ചെയ്യുന്നത്.

**'ഉറങ്ങൽ ശുശ്രൂഷ'?**

ചിലർ സഭായോഗത്തിലിരുന്ന് സുന്ദരമായി ഉറങ്ങും. മറ്റു ചിലർ അശ്രദ്ധയോടെയും അലസമായും ഇരിക്കും. കളിച്ചും ചിരിച്ചും ഇരിക്കുന്നവരുണ്ട്. ഇവരൊന്നും ശുശ്രൂഷ ചെയ്യുന്നില്ല. ഉറങ്ങൽശുശ്രൂഷയും അലസമായ ഇരിപ്പുശുശ്രൂഷയും ബൈബിളിലില്ല. പാട്ടുകൾ പാടുമ്പോൾ ചിലർ ചുണ്ടുകൾ ഒന്ന് ചലിപ്പിക്കുകപോലും ചെയ്യാതെ 'മൗനം വിഡ്ഢിക്കലങ്കാരം' എന്ന മട്ടിൽ ഇരിക്കുന്നത് കാണാം. ഇവരൊന്നും ശുശ്രൂഷ ചെയ്യുന്നതായി അവകാശപ്പെടാനാവില്ല. അറിയാത്ത പാട്ടുകളാണ് പാടുന്നതെങ്കിൽ മൗനമായിരിക്കുന്നതാണ് നല്ലത്. എന്നാൽ പാട്ടുകൾ അറിയാമെങ്കിൽ മിണ്ടാപൂച്ചയായി ഇരിക്കുന്നത് ശരിയല്ല. സഭായോഗത്തിൽ ചിലരുടെ നിസ്സഹകരണം കാണുമ്പോൾ, ഏത് ആത്മാവാണ് ഇവരെയൊക്കെ നിയന്ത്രിക്കുന്നത് എന്ന് തോന്നിപ്പോവുക സ്വാഭാവികം.

**'കുഞ്ഞുങ്ങളെ കളിപ്പിക്കൽ ശുശ്രൂഷ'?**

കുഞ്ഞുങ്ങൾ പൊന്നോമനകളാണ് എന്നതിൽ തർക്കമൊന്നുമില്ല. പക്ഷേ സഭായോഗത്തിന്റെ സൗന്ദര്യം നശിപ്പിക്കുന്ന നിലയിൽ ചിലർ കുഞ്ഞുങ്ങളോട് വാത്സല്യപ്രകടനങ്ങൾ നടത്താറുണ്ട്. വചനശുശ്രൂഷ നടക്കുന്ന നേരത്ത് ശ്രോതാക്കളുടെ ശ്രദ്ധ കുഞ്ഞുങ്ങളിലേക്ക് തിരിയുന്ന വിധം കുഞ്ഞുങ്ങളെ സഭായോഗത്തിൽ അഴിച്ചുവിടുന്നവരുണ്ട്. കുഞ്ഞുങ്ങൾ കാണിക്കുന്ന നിഷ്കളങ്കമായ കോപ്രായങ്ങൾ കാണുന്നത് രസമുള്ള അനുഭവം തന്നെയാണ്. പക്ഷേ അതുകൊണ്ട് ശുശ്രൂഷകൾക്ക് തടസ്സം വരാൻ പാടില്ല. ദൈവനാമം മഹത്വപ്പെടുന്നതിന് നമ്മുടെ കുഞ്ഞുങ്ങൾ ഒരിക്കലും തടസ്സമാകരുത്. കുഞ്ഞുങ്ങളോടുള്ള സ്നേഹത്തേക്കാൾ കർത്താവിനോടുള്ള സ്നേഹമാണ് സഭായോഗത്തിൽ നാം പ്രകടിപ്പിക്കേണ്ടത്.

**'മുടങ്ങൽ ശുശ്രൂഷ'?**

ആത്മികശുശ്രൂഷകളിൽ പങ്കെടുക്കുവാൻ മടി കാണിക്കുന്നവരുണ്ട്. നിസ്സാരമായ കാരണങ്ങളും പറഞ്ഞ് അവർ സഭായോഗങ്ങൾ മുടങ്ങും. കല്യാണം, പിറന്നാൾ, പെരുന്നാൾ, വയറുകാണൽ ചടങ്ങ് എന്നൊക്കെ പറഞ്ഞ് സഭായോഗങ്ങൾ മുടങ്ങാൻ യാതൊരു വൈക്ലബ്യവും ചിലർക്ക് തോന്നാറില്ല. ഇവർക്കൊന്നും ദൈവഭയമില്ലേ എന്നു തോന്നിപ്പോകാറുണ്ട്. ദൈവത്തേക്കാളധികം മനുഷ്യരെ പ്രസാദിപ്പിക്കാനുള്ള ആഗ്രഹമാണ് സഭായോഗങ്ങളെ അവഗണിക്കാൻ ഇത്തരക്കാരെ പ്രേരിപ്പിക്കുന്നത്. ഇവർക്ക് സഭായോഗങ്ങളിൽ പങ്കെടുത്താൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ നഷ്ടപ്പെടുക മാത്രമല്ല, സഭായോഗങ്ങളെ അവഗണിച്ചുകൊണ്ട് ദൈവത്തെ അപമാനിക്കുന്നതിനുള്ള ശിക്ഷ കിട്ടുകയും ചെയ്യും.

**ശ്രദ്ധയോടെ പങ്കെടുക്കുന്നത് ശുശ്രൂഷയാണ്**

സഭായോഗങ്ങളിൽ പങ്കെടുത്ത് എല്ലാ കാര്യങ്ങളിലും തന്റെ പങ്കാളിത്തവും സാന്നിദ്ധ്യവും ശ്രദ്ധയും കാണിക്കാൻ നാം ഉത്സാഹിക്കണം. 'ഇരുന്ന് ശ്രദ്ധിക്കൽ ശുശ്രൂഷ' എന്ന് ഞാൻ ഇതിനെ വിശേഷിപ്പിക്കട്ടെ. ഒരാൾ വചനത്തിൽനിന്നു പ്രസംഗിക്കുമ്പോൾ, മറ്റുള്ളവർ കോട്ടുവായിട്ടും ഞെളിപിരി കൊണ്ടും തലമാന്തിയും ചൊറിഞ്ഞും ഇരുന്നാൽ, വചനം പറയുന്ന വ്യക്തിക്ക് ഒരു നെഗറ്റീവ് എനർജിയാണ് അനുഭവപ്പെടുക. അതേ സമയം നാം ശ്രദ്ധയോടെയും താത്പര്യത്തോടെയും ഇരുന്നാൽ വചനം പറയുന്നയാൾക്ക് അത് കൂടുതൽ ഊർജ്ജദായകമാവുകയും അദ്ദേഹത്തിന് കൂടുതൽ ഉത്സാഹത്തോടെ വചനം പറയുവാൻ സാധിക്കുകയും ചെയ്യും.

മുന്നിൽനിന്ന് ലീഡ് ചെയ്തുകൊണ്ടുള്ള ശുശ്രൂഷകൾ മാത്രമാണ് പലരും ശുശ്രൂഷകളായി കണക്കാക്കുന്നത്. ഇത് ശരിയല്ല. മുന്നിൽനിന്ന് നയിക്കുന്നവന് മാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. അതിൽ പങ്കെടുക്കുന്ന മറ്റ് ആളുകൾ ആ യോഗത്തിന്റെ വിജയത്തിന്റെ (അനുഗ്രഹത്തിന്റെ) അവിഭാജ്യഘടകങ്ങളാണ്. ബൈബിൾക്ലാസ്സ് എടുക്കാനായി ഏത് വിലയേറിയ ദാസനെ കൊണ്ടുവന്നാലും, ശ്രദ്ധയോടെ കേൾക്കാൻ അധികം ആളുകൾ ഇല്ലെങ്കിൽ ആ ദാസന് ഒന്നും ചെയ്യാൻ കഴിയില്ല. ശ്രദ്ധിക്കുന്ന ശ്രോതാക്കൾക്ക് ഉള്ള പ്രസക്തി ആരും വിലകുറച്ചു കാണരുത്.

ചില ദൈവദാസന്മാരെ പ്രസംഗത്തിന് ബുക്ക് ചെയ്യുമ്പോൾ, എത്ര പേര് ഓഡിയൻസ് ആയി ഉണ്ടാകും എന്നവർ അന്വേഷിക്കാറുണ്ട്. ആളുകളുടെ എണ്ണം അവരുദ്ദേശിച്ചത്രയും ഇല്ലെങ്കിൽ അവർ ആ ക്ഷണം നിരസിക്കും. ഇതിൽനിന്ന് കാര്യം വ്യക്തമായല്ലോ. ശ്രദ്ധിച്ച് ഇരിക്കുന്നവർ വേണം. അവർക്ക് പ്രാധാന്യമുണ്ട്. അതുകൊണ്ടാണ്, ഇരുന്ന് ശ്രദ്ധിക്കുന്നത് ഒരു ശുശ്രൂഷയാണെന്ന് ഞാൻ പറഞ്ഞത്. മറ്റു ശുശ്രൂഷകൾക്കുള്ള അത്രയും പ്രാധാന്യം ഈ ശുശ്രൂഷയ്ക്കുമുണ്ട്. കാരണം ഇരുന്ന് ശ്രദ്ധിക്കാൻ ആളില്ലെങ്കിൽ മറ്റുള്ള ശുശ്രൂഷകളൊന്നും മുന്നോട്ടു പോകയില്ല.

ആത്മികപരിപാടികൾക്ക് പോകുമ്പോൾ ചിന്തിക്കുക: ഇന്ന് എന്താണ് എനിക്കുള്ള ശുശ്രൂഷ? ഗായകസംഘം പാടുമ്പോൾ കൂടെ പാടുന്നത്, വചനം പറയുമ്പോൾ നല്ല ശ്രദ്ധയോടെ ഇരിക്കുന്നത്, പ്രാർത്ഥിക്കുമ്പോൾ ആമേൻ പറയുന്നത്... ഇതെല്ലാം ദൈവം വിലമതിക്കുന്നവ തന്നെയാണ്. വെറുതെ പോയി വന്നു എന്ന് പറയാൻ ഇടവരരുത്. വെറുതെ ഇരിക്കുന്നവന് പ്രതിഫലമില്ല. വെറുതെ ഇരിക്കാനല്ല നാം സഭായോഗങ്ങൾക്കോ മറ്റ് ആത്മികപരിപാടികൾക്കോ പോകുന്നത്, ശുശ്രൂഷിക്കാനാണ് – നമ്മുടെ ദൈവത്തെ ശുശ്രൂഷിക്കാൻ.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### Thankachan K V, Kattilapoovam, Thrissur

ആഗസ്റ്റ്മാസത്തിലെ മാസിക വളരെ നന്നായിരുന്നു. മനുഷ്യവിഭവങ്ങളെക്കുറിച്ചുള്ള എഡിറ്റോറിയൽ വളരെ പ്രാധാന്യമുള്ളതായി എനിക്ക് തോന്നി. ബോനോക്കുലർ എന്ന പംക്തിയും നിർമ്മലകോളേജുമായി ബന്ധപ്പെട്ട് എഴുതിയ കാര്യങ്ങളും നന്നായി. പത്രം വായിക്കുന്നതുപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. ഈ മാസിക തുടരണം, ഒരു കാരണവശാലും നിറുത്തരുത്. ക്ലിഫ്ഹൗസ് നവീകരണത്തെക്കുറിച്ചുള്ള വാർത്തകൾ ഞാൻ പത്രത്തിൽ കണ്ടില്ല. ഈ മാസികയിലൂടെയാണ് ഞാൻ അക്കാര്യങ്ങളെല്ലാം അറിയുന്നത്. പൊതുവിജ്ഞാനം കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ മാസിക വായിക്കാൻ നല്ല താത്പര്യമാണ്.

### V. Ashokan Ambadi, Gilgal Aswasa Bhavan, Pathanamthitta

ഞാൻ ഗിൽഗാൽ ആശ്വാസഭവനിലെ ഒരു അന്തേവാസിയാണ്. 2021 ലാണ് ഞാൻ ഇവിടെ വന്നത്. അന്നു മുതൽ എല്ലാ മാസവും *റിയൽ ലൈഫ് വോയ്സ്* ഞാൻ വായിക്കാറുണ്ട്. മാത്രമല്ല 2017 മുതലുള്ള മാസികകൾ എനിക്ക് ഇവിടെനിന്നും കിട്ടുകയുണ്ടായി. അതും വായിക്കാൻ അങ്ങനെ ഇടയായി. ഈ മാസിക അയച്ചുതരുന്നതിൽ സന്തോഷവും നന്ദിയും അറിയിക്കുന്നു.

### Thomas, Gilgal Aswasa Bhavan, Pathanamthitta

എനിക്ക് 73 വയസ്സുണ്ട്. ഞാൻ ഗിൽഗാൽ ആശ്വാസഭവനിലെ ഒരു അന്തേവാസിയാണ്. മാസിക എല്ലാ മാസവും മുടങ്ങാതെ വായിക്കുന്നുണ്ട്. വളരെ നല്ല ലേഖനങ്ങളാണ്. വളരെ നല്ല ആശയങ്ങളാണ്.

### Benny A. V., Angamaly, Ernakulam

സഹോദരന്റെ മാസിക വളരെ നല്ല മാസികയാണ്. അതുകൊണ്ട് കിട്ടിയാലുടൻ ഞാൻ വായിച്ചുതീർക്കാറുണ്ട്. ദൈവം അനുഗ്രഹിക്കട്ടെ.

**Joy Immanuel, Thiruvalla, Pathanamthitta**

*റിയൽ ലൈഫ്* കിട്ടി. നന്ദി. എത്ര തിരക്ക് ആണെങ്കിലും അത് അപ്പോൾ തന്നെ വായിക്കും. താങ്കളുടെ ശൈലിയും പദപ്രയോഗങ്ങളും എനിക്ക് ഇഷ്ടമാണ്. താങ്കളുടെ കഠിനാദ്ധ്വാനത്തിന് സർവശക്തൻ എല്ലാ അനുഗ്രഹങ്ങളും നൽകട്ടെ.

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ ചിലത് മടങ്ങിവന്നു. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു**

| Address | Reason |
|---|---|
| Editor, Kraisthava Chinta | Refused |
| Merry P U, Pengamukku | Left |
| K. C. Rahel, Nellikkunnu | *no reason given* |
| C. D.Williams, Chelakkottukara | Left place |
| Balachandran I B, Vettukad | *no reason given* |
| Philip Varghese, Angamaly | Left |
| Philip Thomas, Vinpy Nagar, Paravattani | Left |
| M. D. Antony, Puthur | Expired |
| Ammini John, Vilangannur, Peechi | Left |
| K. M. Kunjilakutty, Pazhanji | Not known |
| T. S. James, Koorkanchery, Thrissur | *no reason given* |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

തൃശ്ശൂർ സ്വദേശിയും സ്വതന്ത്ര സഭാംഗവും (ആഭരണം ധരിക്കുന്നു) ആയ യുവാവ്, 31 (06-08-1993), 158 cm, Software Engineer ആയി ഖത്തറിലെ NOVALAB എന്ന കമ്പനിക്കുവേണ്ടി കേരളത്തിൽ ജോലി ചെയ്യുന്നു (Work at home).

അനുയോജ്യരും ആത്മീയരുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**(Contact Number: 96450 10960)**

# ആസ്യയിലെ ഏഴ് സഭകൾ

## 8

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

### എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി. 2:1–7)

**എഫെസൊസ് സഭ മാനസാന്തരപ്പെടണം:**

*നീ ഏതിൽനിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നില യിൽനിന്ന് നീക്കുകയും ചെയ്യും (2:5)*

**'വീണിരിക്കുന്നു'**

തെറ്റ് ചെയ്തവൻ താഴെ വീണ അവസ്ഥയിലാണ്. "ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" എന്ന മുന്നറിയിപ്പ് നാം അവഗണിക്കരുത് (1 കൊരിന്ത്യർ 10:12). നിൽക്കുക, വീഴുക എന്നീ പദങ്ങൾ ശ്രദ്ധിക്കുക. പാപം ചെയ്യാത്ത അവസ്ഥയാണ് ഉള്ള തെങ്കിൽ നാം നിൽക്കുന്നവരും ഓരോ പാപങ്ങൾ ചെയ്യുമ്പോൾ നാം വീണ വരും ആണ്. എനിക്കൊരു പാപവുമില്ലെന്നു ചിന്തിക്കുന്നവൻ വീണുപോ കാതിരിക്കാൻ നോക്കിക്കൊള്ളട്ടെ എന്നാണ് 1 കൊരിന്ത്യർ 10:12 ൽ ആഹ്വാ നം ചെയ്തിരിക്കുന്നത്. എല്ലാം തികഞ്ഞവനാണ് എന്ന ചിന്തയോടെ ജീവി ക്കുന്നവർക്കുള്ള മുന്നറിയിപ്പാണത്.

നാം ഏതിൽ നിന്ന് വീണുപോയിരിക്കുന്നു എന്ന് ഓരോ ദിവസവും സ്വയം പരിശോധിക്കണം. തിരുത്തണം. വ്യക്തിപരമായി ചിന്തിക്കണം. അതു പോലെ ഓരോ സഭയും പരിശോധിക്കണം. തങ്ങളുടെ ഭാഗത്തുനിന്ന് വന്ന വീഴ്ചകൾ തിരിച്ചറിയണം. തിരുത്തണം. അതിനെ ന്യായീകരിച്ച് വെളുപ്പി ക്കാൻ ശ്രമിക്കരുത്.

**'മാനസാന്തരപ്പെട്ട്'**

എഫെസൊസ്സഭയോടാണ് മാനസാന്തരപ്പെടാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇന്നത്തെ സഭകൾക്കും മാനസാന്തരം ആവശ്യമാണ്. അതുപോലെ വിശ്വാസികൾക്കും മാനസാന്തരം ആവശ്യമാണ്. ഒരാൾ വിശ്വാസിയാകുമ്പോൾ മാനസാന്തരപ്പെട്ടതാണ്. എങ്കിലും, അയാൾ വിശ്വാസിയായതിനുശേഷവും, ഓരോ ദിവസവും അയാളിൽ സംഭവിക്കാൻ സാധ്യതയുള്ള കുറവുകളെ തിരിച്ചറിഞ്ഞ്, അതിനെക്കുറിച്ചോർത്ത് ദുഃഖിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യേണ്ടതാണ്. മാനസാന്തരം അവിശ്വാസിക്ക് മാത്രമല്ല, വിശ്വാസിക്കും ആവശ്യമാണ് എന്ന് വ്യക്തം.

**'ആദ്യത്തെ പ്രവൃത്തി ചെയ്ക'**

വിശ്വാസിയായതിനുശേഷമുള്ള ആദ്യനാളുകളിൽ കാണിക്കുന്ന തീക്ഷ്ണതയൊന്നും പലരും പിന്നീട് കാണിക്കാറില്ല. സഭകളിലെ തൊഴുത്തിൽകുത്തും, പക്ഷഭേദവും, കയ്യാങ്കളിയും എല്ലാം മൂലം പലരും തണുത്തുപോകുന്നു. ചിലരാകട്ടെ ലോകസ്നേഹം തലയ്ക്ക് പിടിച്ച് പിന്മാറിപ്പോകും. ആദ്യത്തെ പ്രവൃത്തി ചെയ്യാനാണ് കർത്താവ് കല്പിക്കുന്നത്. ആദ്യത്തെ പ്രവൃത്തി നല്ലതാണെന്ന് ബോധ്യമുണ്ടെങ്കിൽ, ഇപ്പോഴത്തെ പ്രവൃത്തി കുറവുള്ളതാണെന്ന് ബോധ്യമുണ്ടെങ്കിൽ, എത്രയും വേഗം ആദ്യത്തെ പ്രവൃത്തി ചെയ്ക. ദൈവത്തിന്റെ ബാലശിക്ഷയാകുന്ന പ്രഹരം പതിക്കുന്നതിനു മുമ്പ് ആദ്യത്തെ പ്രവൃത്തി നാം ചെയ്യണം.

ചിലർ ആദ്യനാളുകളിൽ തന്നെ പാതി ചത്തതുപോലെയുള്ള ക്രിസ്തീയജീവിതം നയിക്കുന്നവരുണ്ട്. അവർ ആദ്യത്തെ പ്രവൃത്തി ചെയ്യേണ്ടതില്ല. അങ്ങനെയുള്ളവർ ക്രിസ്തീയലോകത്ത് ആത്മികരായ ആളുകളെ കണ്ട്, അനുകരിച്ച്, ആളിക്കത്തുന്ന പോലെയുള്ള ക്രിസ്തീയജീവിതം നയിക്കുകയാണ് വേണ്ടത്.

**'നിന്റെ നിലവിളക്ക് അതിന്റെ നിലയിൽനിന്ന് നീക്കുകയും ചെയ്യും'**

നാം അനുഭവിക്കുന്ന നല്ല സാഹചര്യങ്ങളെക്കുറിച്ച് പലപ്പോഴും നാം മറന്നുപോകുന്നു. അവ നഷ്ടപ്പെടുമ്പോഴാണ് അവയുടെ വില നാം തിരിച്ചറിയുക. ദൈവം തരുന്ന നന്മകൾ, ദൈവത്തോട് നന്ദി കാട്ടാതെ അനുഭവിച്ചാൽ, അവ തിരിച്ചെടുക്കാൻ ദൈവത്തിനു കഴിയും. ദൈവം തന്ന പദവികളിൽ നാം വിശ്വസ്തരായില്ലെങ്കിൽ, ആ പദവികളിൽനിന്ന് നമ്മെ പുറത്താക്കുവാൻ ദൈവം തീരുമാനിക്കും. എഫെസൊസ്സഭ തങ്ങളുടെ തെറ്റ് തിരുത്തിയില്ലെങ്കിൽ, എഫെസൊസ്സഭയാകുന്ന നിലവിളിക്ക് അതിന്റെ സ്ഥാനത്തുനിന്ന് നീക്കും എന്ന മുന്നറിയിപ്പാണ് കർത്താവ് കൊടുക്കുന്നത്. അനുസരിച്ചാൽ നല്ലത്.

ദൈവം നമ്മുടെ പ്രകൃതി അറിയുന്നവനാണ്. നാം എത്ര ബലഹീനർ എന്നറിയുന്നവനാണ്. അതുകൊണ്ട് ദൈവം നമ്മുടെ നേരെ വളരെയധികം ദീർഘക്ഷമ കാണിക്കാറുണ്ട്. തന്റെ ഉഗ്രകോപം നമ്മുടെ നേരെ ജ്വലിപ്പിക്കുന്നത് പലപ്പോഴും ദൈവം വൈകിപ്പിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. നാം തെറ്റ് തിരുത്താതെ തുടർന്നാൽ നമുക്ക് മുന്നറിയിപ്പ് തരാനും ദൈവം തുനിയുന്നു. അതുപോലെയുള്ള ഒരു മുന്നറിയിപ്പാണ് ഇപ്പോൾ എഫെസൊസിലെ സഭയ്ക്ക് ലഭിച്ചിരിക്കുന്നത്. ആ മുന്നറിയിപ്പിന്റെ ഗൗരവം മനസ്സിലാക്കി ആ സഭ മാനസാന്തരപ്പെടണം. കർത്താവിനോട് ആദ്യമുണ്ടായിരുന്ന സ്നേഹം പുനഃസ്ഥാപിക്കണം. ഇല്ലെങ്കിൽ സ്ഥാനനഷ്ടമുണ്ടാകും എന്നാണ് മുന്നറിയിപ്പ്.

**നിലവിളക്ക് നീക്കിയോ?**

എഫെസൊസിലെ സഭ മാനസാന്തരപ്പെട്ടുവോ? ദൈവം ആ നിലവിളക്ക് അതിന്റെ നിലയിൽനിന്ന് മാറ്റിയോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ചരിത്രത്തിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. അഞ്ചാം നൂറ്റാണ്ടിനുശേഷം, എഫെസൊസിലെ സഭയെന്നല്ല, എഫെസൊസ് പട്ടണം തന്നെ തകർന്നുപോയി. ഒന്നാം നൂറ്റാണ്ടിൽ കർത്താവ് കൊടുത്ത മുന്നറിയിപ്പിനെത്തുടർന്ന് ഒരു പക്ഷേ എഫെസൊസ്സഭ മാനസാന്തരപ്പെട്ടിരിക്കാം. പക്ഷേ അത് അധികകാലം നിലനിന്നില്ല. കാലം മുന്നോട്ടു പോകുംതോറും സഭയുടെ ഗുണനിലവാരം കുറഞ്ഞുകുറഞ്ഞു വന്നു. ഒടുവിൽ ആ നഗരം തന്നെ മുഴുവനായും നശിച്ചുപോയി.

“അഞ്ചാം നൂറ്റാണ്ടിനുശേഷം എഫെസൊസ് പട്ടണം തകർന്നുപോയി. ഇന്ന് ജനവാസമില്ലാത്ത സ്ഥലമായി അത് തീർന്നിരിക്കുന്നു” (വൈ. എസക്കിയേൽ, *വെളിപ്പാടുപുസ്തകവ്യാഖ്യാനം*)

“ഇന്ന് അത് ചതുപ്പുനിലം. 1863 ൽ ബ്രിട്ടീഷ് മ്യൂസിയത്തിന്റെ സഹായത്തോടെ ആരംഭിച്ച ഭൂഖനനം മൂലവും തുടർന്നു നടന്ന ഗവേഷണങ്ങൾ മൂലവും പുരാതന എഫെസൊസിന്റെ ഗെയ്റ്റുകൾ, അർത്തെമിസ് ദേവിയുടെ മാർബിൾ ക്ഷേത്രം മുതലായവ കണ്ടെത്തി ” *(ബൈബിൾ അറ്റ്ലസ് - സിഎൽഎസ്)*

ദൈവം ആ നിലവിളക്ക് അതിന്റെ നിലയിൽനിന്ന് നീക്കി എന്നതിന്റെ ചരിത്രസാക്ഷ്യമാണ് മേൽപ്പറഞ്ഞ വിവരണങ്ങൾ. നമുക്ക് ലഭിച്ചിരുന്ന പല അനുകൂലസാഹചര്യങ്ങളും അപ്രതീക്ഷിതമായി നഷ്ടപ്പെട്ടതിന്റെ യഥാർത്ഥ കാരണമാണ് ഇവിടെ പ്രകടമാകുന്നത്. ദൈവത്തിന് കൊടുക്കേണ്ട മുൻഗണന കൊടുക്കാതെ പോയാൽ, നാം അനുഭവിക്കുന്ന നല്ല സാഹചര്യങ്ങളും പദവികളുമെല്ലാം നഷ്ടപ്പെടുക തന്നെ ചെയ്യും. **(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

7

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 13. ഭവനസന്ദർശനവും ചില അനുഭവങ്ങളും

ചുവന്നമണ്ണിൽ ഞങ്ങൾ പ്രവർത്തനം ആരംഭിച്ചത് 1986-ലാണ്. പീച്ചി സഭയുടെ അംഗമായിട്ടാണ് ഞാൻ അവിടെ പ്രവർത്തനത്തിന് പോയത്. ആ കാലങ്ങളിൽ പീച്ചിസഭയിലെ സഹോദരിമാരും എന്റെ ഭാര്യയും സുവിശേഷപ്രവർത്തനത്തിന് വരുമായിരുന്നു. കുറച്ചുകൂടി നാളുകൾ കഴിഞ്ഞപ്പോൾ ചിറക്കേക്കോട് സഭയും ആ വേലയിൽ സഹായിക്കാനായി മുന്നോട്ടുവന്നു. ഈ.ജെ. ജോയ്, മാത്യു തുടങ്ങിയ സഹോദരന്മാർ അക്കൂട്ടത്തിലുണ്ടായിരുന്നു.

ഒരു ദിവസം ഞാനും ഒരു സഹോദരനും (ഇന്ന് അദ്ദേഹം നിത്യതയിലാണ്) പഴയറോഡിന്റെ പുറമ്പോക്കിൽ താമസിക്കുന്ന ഒരു കുടുംബത്തിലേക്ക് ചെന്നു. ആ ഭവനത്തിൽ ഞാൻ നേരത്തേ സന്ദർശനം നടത്തിയിട്ടുള്ളതാണ്. അവിടെയുള്ള സഹോദരി ദൈവവചനം കേട്ട് ഒരു തീരുമാനം എടുത്ത നാളുകളായിരുന്നു അത്. ഞങ്ങൾക്ക് രണ്ട് പേർക്ക് തരാനുള്ള കസേര ആ വീട്ടിൽ ഇല്ലായിരുന്നു. ആകെക്കൂടി ഒരു കസേരമാത്രം. ആ കസേര ആ പഴയ റോഡിലാണ് ഇട്ടിരിക്കുന്നത്.

സഹോദരി ഇരിക്കാൻ പറഞ്ഞു. ഞങ്ങൾക്ക് കുടിക്കാനായി ഓരോ സ്റ്റീൽഗ്ലാസ്സിൽ കട്ടൻചായ കൊണ്ടുവന്നുതന്നു. എന്റെ കൂടെ വന്ന സഹോദരന് ആ വീടും പരിസരവും അവരുടെ സാഹചര്യവും എല്ലാം കണ്ടപ്പോൾ അദ്ദേഹത്തിന്റെ സ്റ്റാൻഡേർഡ് അനുസരിച്ച് ആ ചായ കുടിക്കാൻ അദ്ദേഹം വിസമ്മതം കാണിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തോട്, "ഈ കുടുംബത്തെ നേടുന്നതിനുവേണ്ടി ആ ചായ കുടിച്ചേ പറ്റൂ" എന്നു പറഞ്ഞു. അദ്ദേഹം മനസ്സില്ലാമനസ്സോടെ ആ ചായ കുടിച്ചു.

നാം ചെല്ലുന്ന വീടുകളിൽ അവരുടെ പരിമിതികൾ മനസ്സിലാക്കി നാം അവരോട് സഹകരിക്കണം. നമ്മുടെ കർത്താവായ യേശു ചുങ്കക്കാരോടും

പാപികളോടും കൂടെ തിന്നുകുടിച്ചു (മർക്കൊസ് 2:16) എന്ന വാചകം എന്നെ വളരെ ചിന്തിപ്പിച്ചിട്ടുള്ളതാണ്. കർത്താവിന്റെ അടുത്ത് വേശ്യമാരായ ചില സ്ത്രീകളും വന്നിരുന്നിട്ടുണ്ട്.

ആ കുടുംബത്തിന്റെ ദാരിദ്ര്യം, അവരുടെ വീട്, സാഹചര്യങ്ങൾ എന്നിവയ്ക്കെല്ലാം മാറ്റം വരുവാൻ കൂടിയാണ് കർത്താവ് ഞങ്ങളെ അങ്ങോട്ട് അയച്ചതെന്ന് ഇന്ന് തെളിഞ്ഞിട്ടുണ്ട്. എന്റെ കൂടെ ഉണ്ടായിരുന്ന സഹോദരൻ ഇന്ന് ജീവിച്ചിരുപ്പില്ല. ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിനും അത് മനസ്സിലാകുമായിരുന്നു. ഇന്ന് അവരുടെ സാഹചര്യം കൂടുതൽ നന്നായിരിക്കുന്നു. അവർക്ക് നല്ല സൗകര്യമുള്ള വീടുണ്ട്. നാം ചെന്നാൽ നല്ല ഭക്ഷണം ലഭിക്കും. പക്ഷേ അന്ന് അവർ തന്ന ചായ ഞങ്ങൾ തിരസ്കരിച്ചിരുന്നുവെങ്കിൽ ഇന്ന് ആ കുടുംബം നിലനിൽക്കുമായിരുന്നില്ല. ഇന്ന് അവർ കൃപയാൽ നല്ല നിലയിൽ സന്തോഷമായി, അഭിവൃദ്ധി പ്രാപിച്ചവരായി, സഭയ്ക്ക് പ്രയോജനമുള്ളവരായി നിലനിൽക്കുന്നു. അവരിന്ന് സഭയുടെ ഉത്തരവാദിത്തപ്പെട്ട ആളുകളാണ്.

മറ്റൊരവസരത്തിൽ ഞാൻ ഒരു സഹോദരനോടൊപ്പം സുവിശേഷം അറിയിക്കാൻ ഒരു ഭവനത്തിൽ ചെന്നപ്പോൾ അവിടെയുണ്ടായിരുന്നത് മധ്യവയസ്കയായ ഒരു സ്ത്രീയായിരുന്നു. സുവിശേഷം പറയാനാണ് വന്നത് എന്നു പറഞ്ഞപ്പോൾ ആ സ്ത്രീ ഞങ്ങളെ അടിക്കാനായി ചൂലുമെടുത്ത് ചാടിവന്നു. ഞങ്ങൾ അവിടെനിന്ന് ഇറങ്ങിപ്പോന്നു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവരുടെ ഒരു മകന് വിഷഭയം ഉണ്ടാവുകയും വളരെ പ്രയാസത്തിലാവുകയും ചെയ്തു. ഞാൻ ആ വീട്ടിൽ ചെന്ന് പ്രാർത്ഥിക്കുകയും ചെറിയൊരു സഹായം ചെയ്യുകയും ചെയ്തു. അവർ വിശ്വാസത്തിൽ വന്നില്ലെങ്കിലും അവരുടെ വീട് പിന്നീട് നിരന്തരം ഞങ്ങൾ സന്ദർശിക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ സുവിശേഷവേല ചെയ്യുന്നിടത്ത് നമുക്ക് അനുകൂലമായ പരിതസ്ഥിതി അല്ലെങ്കിലും അതിനെ അനുകൂലമാക്കി തീർക്കുന്നതിനുവേണ്ടി ദൈവാത്മാവിന്റെ ധാരാളമായ കൃപ വ്യാപരിക്കും.

ഇതുപോലെയുള്ള നിരവധി ജീവിതാനുഭവങ്ങൾ എന്റെ ആളാംപ്രതി വേലയിൽ ഉണ്ടായിട്ടുണ്ട്. കട്ടിലപ്പൂവം പ്രദേശത്ത് പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ, വീടുകൾ സന്ദർശിക്കാനായി പോകുമ്പോൾ, നല്ല തണ്ടും തടിയുമുള്ള ഒരു ചെറുപ്പക്കാരൻ ഞങ്ങൾക്ക് എതിരെ വന്നു. എന്റെ തൊട്ടടുത്ത് നിന്നുകൊണ്ട് അദ്ദേഹം വളരെ ഗൗരവത്തോടെ ചോദിച്ചു: "നിങ്ങളാരാ? എവിടേക്ക് പോകുന്നു?" ഞാൻ മറുപടി പറഞ്ഞു: "ഞാൻ താങ്കളെ തേടി വന്നതാണ്. താങ്കളെയാണ് ഞങ്ങൾക്കാവശ്യം." ഇത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഗൗരവം കുറഞ്ഞു. ഞാൻ പറഞ്ഞു: "താങ്കളെപ്പോലെയുള്ളവരെ ദൈവത്തിന് ആവശ്യമുണ്ട്. താങ്കളെ തേടിയാണ് വന്നത്."

ആ കുടുംബത്തിലെ ആളുകൾ നാളുകളോളം ദൈവവചനം പഠിക്കാൻ വന്നു. അവർ ചില തീരുമാനങ്ങളെടുത്തുവെങ്കിലും അവിടെ സഭ രൂപം കൊണ്ടില്ല. പിന്നീട് ആ വേല മുന്നോട്ടു കൊണ്ടുപോകാനും കഴിഞ്ഞില്ല. ഇങ്ങനെയുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. സുവിശേഷവേലയിൽ നാം മനുഷ്യരെ പേടിക്കരുത്. അദ്ദേഹം യൂണിയനിലെ ഒരാളായിരുന്നു. നല്ല ആരോഗ്യവാനായിരുന്നു. കണ്ടാൽ പേടി തോന്നും. എന്റെ വളരെ അടുത്തുനിന്നാണ് അദ്ദേഹം ചോദിച്ചത്.

ഞാൻ ഇപ്പോൾ കൂടിവരുന്ന സഭകളിലെ പലരും ആദ്യം എതിർപ്പുകൾ കാണിച്ചവരാണ്. ഞങ്ങളുടെ സ്ഥലം സഭയിലെ ഇന്നുള്ള ഒരു കുടുംബത്തെ പരിചയപ്പെട്ട നാളുകളിൽ അവരെ ബൈബിൾക്ലാസ്സിനു വിളിക്കുമായിരുന്നു. അവർക്കൊരു ചെറിയ കടയുണ്ട്. രണ്ട് വർഷത്തോളം നിരന്തരം അവരെ വിളിക്കുമായിരുന്നു. വിളിക്കുമ്പോൾ അവർ പറയും: "സാറ് പൊയ്ക്കോളൂ, ഞങ്ങൾ വരാം." പക്ഷേ അവർ വരില്ല. അങ്ങനെയിരിക്കെ ഒരിക്കൽ ചുവന്നമണ്ണിൽ ഒരു ക്യാമ്പ് നടക്കുമ്പോൾ അവരെ നിർബന്ധിച്ചുകൊണ്ട് വിളിച്ചു. ജോയ് പാമ്പാടി സഹോദരനാണ് അന്ന് അവിടെ വചനം സംസാരിച്ചത്. അന്ന് ആ കുടുംബം സംബന്ധിച്ചു. അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അന്ന് അവർ സാക്ഷ്യം പറഞ്ഞത് ഇപ്രകാരമായിരുന്നു: "ഞങ്ങൾ ഇന്ന് രാത്രി ആത്മഹത്യ ചെയ്യാനുള്ള തീരുമാനമെടുത്ത് ഇരിക്കുകയായിരുന്നു."

സുവിശേഷവേല അനുകൂലമായ സാഹചര്യത്തിൽ മാത്രമേ ചെയ്യൂ എന്ന് ആരും ചിന്തിക്കേണ്ടതില്ല. പലപ്പോഴും പ്രതികൂലമായ സാഹചര്യങ്ങളിലാണ് ദൈവം പ്രവർത്തിക്കുന്നത്. ആളാംപ്രതി വേല ഏറ്റവും ശ്രേഷ്ഠമാണ്. പക്ഷേ ഒരു വീട്ടിലേക്ക് നാം കയറിച്ചെല്ലുമ്പോൾ പാലിക്കേണ്ട മര്യാദകളെല്ലാം നാം പാലിക്കണം. അവരുടെ ഭാഗത്തുനിന്ന് എന്ത് എതിർപ്പ് ഉണ്ടായാലും അവരെ വെറുക്കാതെ സ്നേഹിക്കാനുള്ള മനോഭാവം നമുക്കുണ്ടാകണം. അവരോട് കർത്താവിന്റെ മനസ്സലിവ് നാം കാണിക്കണം. എങ്കിൽ ആ വേല അവിടെ വിജയിക്കും.

എളനാട് ഭാഗത്ത് താമസിക്കുന്ന മിക്കവാറും ആളുകൾ കൂത്താട്ടുകുളം ഭാഗത്തുനിന്ന് വന്നുതാമസിക്കുന്നവരാണ്. അവിടെ ഞാൻ പോകുന്നത് മുപ്പത് കിലോമീറ്ററോളം ഒറ്റയ്ക്ക് സഞ്ചരിച്ചാണ്. ഒറ്റയ്ക്ക് ഒരു വീട്ടിലേക്ക് കയറിച്ചെല്ലുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ നിമിത്തം, പുരുഷന്മാർ ഉള്ള വീടുകളിൽ മാത്രമാണ് സംസാരിക്കാൻ അനുവാദം ചോദിച്ചിരുന്നത്. ഒരു വീട്ടിലേക്ക് ചെല്ലുമ്പോൾ, 60–65 വയസ്സ് പ്രായമുള്ള ഒരാൾ ഗെയ്റ്റിന്റെ അവിടെ നിൽപ്പുണ്ടായിരുന്നു. ഞാൻ അയാളോട് ചോദിച്ചു: "സമയമുണ്ടോ, അല്പസമയം സംസാരിക്കാൻ?"

എന്നെ പലപ്പോഴും അദ്ദേഹം കണ്ടിട്ടുണ്ട്. കാണുമ്പോൾ പുഞ്ചിരിക്കാറുമുണ്ട്. അദ്ദേഹം എന്നോട് മറുപടി പറഞ്ഞു: "നിങ്ങൾ പറയുന്നത് കേൾക്കുന്നതുകൊണ്ട് വിരോധമില്ല, പക്ഷേ എനിക്ക് അനുസരിക്കാൻ കഴിയില്ല. കാരണം ഈ വീടിന്റെ അപ്പുറത്ത് കാണുന്നത് എന്റെ ആദ്യത്തെ ഭാര്യയും മക്കളുമാണ്. ഞാൻ രണ്ടാമതൊരു സ്ത്രീയെ വിവാഹം കഴിച്ച് ഇവിടെ കുടുംബമായി കഴിയുന്നു. നല്ല ക്രിസ്ത്യാനിയായി ജീവിക്കണമെങ്കിൽ ഒരു ഭാര്യ മാത്രമല്ലേ പാടുള്ളൂ. അതുകൊണ്ട് നിങ്ങൾ പറയുന്ന കാര്യങ്ങൾ എനിക്ക് അനുസരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, അത് കേട്ടിട്ടും പ്രയോജനമൊന്നുമില്ല."

ഞാൻ മറുപടി പറഞ്ഞു: "സഹോദരാ, അറിയായ്മയുടെ കാലത്തെ കാര്യങ്ങളെ ക്ഷമിക്കാൻ ദൈവം തയ്യാറാണ്." പക്ഷേ അദ്ദേഹം അതിനോട് യോജിക്കാതെ പറഞ്ഞു: "നിങ്ങൾ പറയുന്ന രീതിയിൽ വരണമെങ്കിൽ എനിക്ക് എന്റെ ഒരു ഭാര്യയെയും മക്കളെയും ഉപേക്ഷിക്കേണ്ടിവരും. അതുകൊണ്ട് എന്നോട് സംസാരിക്കരുത്." ഇതുപോലെ വേറെയും രണ്ടുമൂന്നു പേർ എന്നോട് പറഞ്ഞു. സുവിശേഷം അറിയാമെങ്കിലും അത് അനുസരിക്കാൻ അവർക്ക് കഴിയില്ല എന്ന ബോധ്യത്തോടെയാണ് അവരുടെ നിൽപ്പ്.

ഇന്ന് വിശ്വാസികൾ എന്നു പറയപ്പെടുന്നവരുടെ ഇടയിൽ പോലും പുനർവിവാഹങ്ങൾ കൂടിക്കൊണ്ടിരിക്കയാണ്. അതിലുള്ള മനോദുഃഖത്തോടുകൂടിയാണ് ഞാനിത് ഇവിടെ പങ്കുവയ്ക്കുന്നത്. നാല്പത് വർഷം മുമ്പ് ഉണ്ടായിരുന്ന അവിശ്വാസികളായിരുന്ന ചില ആളുകളുടെ മനോഭാവവും ഇന്ന് വിശ്വാസികളാണെന്നും പറഞ്ഞ് നടക്കുന്ന ചിലരുടെ മനോഭാവവും തമ്മിലുള്ള വ്യത്യാസം നോക്കുക. വിശ്വാസികൾ എന്ന് പറഞ്ഞുനടക്കുന്നവർ എത്ര കണ്ട് വഷളായി! നാല്പത് വർഷങ്ങൾക്കുമുമ്പ് കണ്ട, ഒന്നിലധികം വിവാഹം കഴിച്ച ആ വ്യക്തികളോടും അവരുൾപ്പെട്ടു നിൽക്കുന്ന ആ സമൂഹത്തോടും അന്നെനിക്ക് പുച്ഛം തോന്നിയെങ്കിൽ, ഇന്നത്തെ ആത്മികതലം എത്രത്തോളം അധഃപതിച്ചു എന്ന് ഞാൻ ചിന്തിച്ചുപോവുകയാണ്. ഇന്നത്തെ വേർപെട്ട വിശ്വാസികൾ എന്നു പറയപ്പെടുന്ന വിഭാഗങ്ങൾ ഇത്ര കണ്ട് അധഃപതിച്ചത് തീർത്തും ദുഃഖകരമായ കാര്യമാണ്.

തങ്ങളുടെ പാപങ്ങളെക്കുറിച്ചോർത്ത് വിഷമിച്ച്, രക്ഷിക്കപ്പെടാൻ കഴിയില്ലെന്ന ചിന്തയിൽ കഴിഞ്ഞ ആ ആളുകളോട് ഞാൻ പിന്നെയും സംസാരിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല. ഞാൻ അപ്പൊസ്തലപ്രവൃത്തി 17:30 അവരെ വായിച്ചുകേൾപ്പിച്ചു. ന്യായവിധി ഉള്ള കാര്യവും ഞാൻ അവരോടു പറഞ്ഞു. പക്ഷേ തങ്ങൾക്കൊരിക്കലും നന്നാകാൻ കഴിയില്ല എന്ന ചിന്തയിൽ അവർ ഉറച്ചുനിന്നു. സുവിശേഷവേലയിൽ അനുഭവപ്പെട്ട വേദനാജനകമായ അനുഭവമായിരുന്നു അത്.

**(തുടരും)**

# യോനാ
## (പുസ്തകപഠനം) 5

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:1**

**അമിത്ഥായിയുടെ മകനായ യോനായ്ക്ക് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ:**

"ഗത്ത്-ഗേഫെർകാരനായ അമിത്ഥായിയുടെ മകനായ യോനാപ്രവാചകൻ എന്ന തന്റെ ദാസൻ" എന്നാണ് 2 രാജാക്കന്മാർ 14:25 ൽ നാം വായിക്കുന്നത്. യോനായുടെ സ്ഥലം (ഗത്ത്-ഗേഫെർ), അപ്പന്റെ പേര് (അമിത്ഥായി), ജോലി/ശുശ്രൂഷ (പ്രവചനം) എന്നിവയെക്കുറിച്ച് ഈ വാകൃത്തിൽ പറയുന്നുണ്ട്. നീനെവെയിൽ ചെയ്യാനുള്ള ശുശ്രൂഷ മാത്രമല്ല, മറ്റു പല ശുശ്രൂഷകളും ദൈവം യോനയെ ഏല്പിച്ചിട്ടുണ്ടെന്നും ഈ വാക്യം വ്യക്തമാക്കുന്നു.

'അമിത്ഥായി' എന്ന പേരിന്റെ അർത്ഥം 'സത്യം സംസാരിക്കുന്ന' (truth telling) എന്നാണത്രേ. 'യോനാ' എന്ന പേരിന്റെ അർത്ഥം 'പ്രാവ്' (dove) എന്നോ 'വിശ്വസ്തൻ' (faithful) എന്നോ എടുക്കാം. വിശ്വസ്തൻ എന്ന് പേരിന് അർത്ഥമുണ്ടെങ്കിലും യോനാ ഈ പുസ്തകത്തിൽ അത്ര കണ്ട് വിശ്വസ്തനായിരുന്നില്ല. യോനായ്ക്ക് പേരിൽ മാത്രമേ വിശ്വസ്തതയുള്ളൂ, സ്വഭാവത്തിൽ വിശ്വസ്തത തൊട്ടുതീണ്ടിയിരുന്നില്ല. ജോയ് (joy = സന്തോഷം) എന്ന പേരുള്ളവൻ എപ്പോഴും സങ്കടത്തോടെ ഇരിക്കുന്നതിൽ വൈരുദ്ധ്യമുണ്ട്. അതുപോലെയുള്ള ഒരു വൈരുദ്ധ്യമാണ് യോനാ തന്റെ സ്വഭാവം കൊണ്ട് പ്രകടിപ്പിക്കുന്നത്.

**യോനാ 1:2**

**നീ പുറപ്പെട്ട് മഹാനഗരമായ നീനെവേയിലേക്ക് ചെന്ന് അതിന് വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു.**

**അശ്ശൂരും യിസ്രായേലും**

ജലപ്രളയത്തിനുശേഷം നോഹയുടെ മൂന്ന് മക്കളായ ശേം, ഹാം, യാഫെത്ത് എന്നിവരിലൂടെയാണ് തലമുറകൾ ഭൂമിയിൽ പെരുകിയത്.

ഇതിൽ ശേമിന്റെ രണ്ടാമത്തെ മകനാണ് അശ്ശൂർ (ഉല്പത്തി 10:22). ഈ അശ്ശൂർ പണിത പട്ടണമാണ് നീനെവേ (ഉല്പത്തി 10:11,12).

അശ്ശൂരിന്റെ സന്തതിപരമ്പരകളാണ് പിന്നീട് അശ്ശൂർ സാമ്രാജ്യം ആയി മാറിയത്. ദൈവം തിരഞ്ഞെടുത്ത യിസ്രായേൽ ജനത്തിന്റെ വംശാവലി തുടങ്ങുന്നത് ശേമിലാണെങ്കിലും, അത് തുടരുന്നത് ശേമിന്റെ മൂന്നാമത്തെ മകനായ അർപ്പക്ഷാദിലൂടെയാണ് (ഉല്പത്തി 10:22). അബ്രാഹാം ജനിക്കുന്നത് അർപ്പക്ഷാദിന്റെ വംശപരമ്പരയിലാണ് (11:10-26).

വർഷങ്ങൾക്കുശേഷം, അശ്ശൂർരാജാവായ ശൽമനേസെർ യിസ്രായേൽമക്കളെ പിടിച്ചുകൊണ്ടുപോയി. അതായത്, ശേമിന്റെ മൂന്നാമത്തെ മകന്റെ സന്തതികളെ (യിസ്രായേൽ) രണ്ടാമത്തെ മകന്റെ സന്തതികൾ (അശ്ശൂർ) പിടിച്ചുകൊണ്ടുപോയി. ജ്യേഷ്ഠന്റെ മക്കൾ അനുജന്റെ മക്കളെയാണ് പിടിച്ചുകൊണ്ടുപോയത്.

ഇതുപോലെയുള്ള സന്ദർഭം വേറെയുമുണ്ട്. ഹാമിന്റെ രണ്ടാമത്തെ മകനാണ് മിസ്രയീം. നാലാമത്തെ മകനാണ് കനാൻ. ഹാമിന്റെ രണ്ടാമത്തെ മകന്റെ സന്തതികൾ (മിസ്രയീം), യിസ്രായേൽമക്കളെ അടിമകളാക്കി. ദൈവം തന്റെ ഭുജബലത്താൽ അവരെ വിടുവിച്ച് ഹാമിന്റെ തന്നെ നാലാമത്തെ മകന്റെ (കനാൻ) സന്തതികളെ ഒഴിപ്പിച്ച്, അവരുടെ ദേശം യിസ്രായേൽമക്കൾക്ക് അവകാശമായി കൊടുത്തു.

ശേമിനും ഹാമിനും തങ്ങളുടെ സന്തതിപരമ്പരകളെ കാണാൻ ദൈവം ഇപ്പോൾ ഒരു അവസരം കൊടുത്താൽ! തമ്മിൽ കലഹിക്കുന്നവർ! തമ്മിൽ തമ്മിൽ അടിമകളാക്കുന്നവർ! ദൈവഭയമില്ലാത്തവർ! നീനെവെക്കാരുടെ ദുഷ്ടതയെക്കുറിച്ച് യോനാ 1:2 ൽ കാണുന്നുവല്ലോ.

നമ്മുടെ മക്കൾ ഭാവിയിൽ എന്തായിത്തീരും? അവർ ദൈവഭക്തരായിരിക്കുമോ? ഇപ്പോൾ തന്നെ അവരുടെയിടയിൽ തർക്കം, ഈർഷ്യ, അസൂയ, വൈരാഗ്യം എന്നിവയുണ്ട്.

ചിന്തിക്കുക: ഈ ബന്ധങ്ങളെല്ലാം ഈ ഭൂമിയിൽ മാത്രമേയുള്ളൂ. ഒരാൾ മരിക്കുന്നതോടുകൂടി ഈ ബന്ധങ്ങളെല്ലാം അവസാനിക്കുന്നു. മക്കളെക്കുറിച്ചുള്ള ചിന്താഭാരമോ, മക്കളുടെ ആത്മികസ്ഥിതി എപ്രകാരമായിരിക്കും എന്ന ചിന്തകളോ ഒന്നും മരണശേഷം ഇല്ല. പലരും 'എന്റെ മക്കൾ', 'അവരുടെ ഭാവി' എന്നൊക്കെയുള്ള ആകുലചിന്തകളുമായിട്ടാണ് മരിക്കുന്നത്. മരിച്ചവർ പിന്നെ യാതൊന്നും അറിയുന്നില്ല. അതുകൊണ്ട് നിദ്രപ്രാപിക്കുക എന്നാണല്ലോ വിശ്വാസികളുടെ മരണത്തെ വിശേഷിപ്പിക്കുന്നത്. കുടുംബജീവിതവും ഈ ഭൂമിയിൽ മാത്രമേ ഉള്ളൂ. ഉയിർത്തെഴുന്നേൽപ്പിനുശേഷം നാം ദൂതന്മാരെപ്പോലെയത്രേ (മർക്കൊസ് 12:25).

ദാനിയേലിനോട് ദൈവം പറയുന്നത് നോക്കുക: "നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും" (ദാനി. 12:13). മരണശേഷം വിശ്രമമാണ്. പിന്നീട് പ്രതിഫലം പ്രാപിക്കൻ നാം എഴുന്നേറ്റുവരും. ഭൂമിയിലെ ജീവിതകാലത്തെ ബന്ധങ്ങളൊന്നും അപ്പോൾ ഉണ്ടായിരിക്കുന്നതല്ല. ഓരോരുത്തരും ഒറ്റയ്ക്കാണ് ദൈവസന്നിധിയിൽ നിൽക്കുക. കുടുംബമായോ, സഭയായോ ഉള്ള നിൽപ്പില്ല. വ്യക്തിപരമായിട്ടാണ് ദൈവം നമ്മോട് ഇടപെടുക.

ശേമിന്റെയും ഹാമിന്റെയുമെല്ലാം തലമുറകൾ പലതും വഴിപിഴച്ചുപോയി എന്ന കാര്യമാണല്ലോ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ശേമിന്റെ രണ്ടാമത്തെ മകന്റെ സന്തതിപരമ്പരകളിൽ പെടുന്ന നീനെവെക്കാർ ദുഷ്ടരായിത്തീർന്നു. ദൈവസന്നിധിയിൽ വിശ്വസ്തനായി ജീവിച്ച അപ്പന്റെ മക്കൾ ദുഷ്ടരായിത്തീരുകയും ദൈവം അവരെ നശിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. എന്നാൽ മനസ്സലിവുള്ള ദൈവം അവരുടെ മാനസാന്തരത്തിനായി യോനാപ്രവാചകനെ അയയ്ക്കുന്നു.

വീണ്ടും നമ്മുടെ സ്വന്തം തലമുറകളെക്കുറിച്ച് ചിന്തിക്കുക. അവരിൽ പലരും വഴിതെറ്റിപ്പോകാൻ സാധ്യതയുണ്ട്. അതിനെക്കുറിച്ചോർത്ത് നാം മാനസികസമ്മർദ്ദം അനുഭവിക്കേണ്ടതില്ല. നമ്മുടെ ഉത്തരവാദിത്തങ്ങൾ നാം ശ്രദ്ധയോടെ ചെയ്താൽ മതി. മക്കൾക്കുവേണ്ടി ചിലർ ആത്മികകാര്യങ്ങൾക്കുപോലും സമയമില്ലാതെ കഷ്ടപ്പെടുന്നു. മരണത്തോടെ ഇല്ലാതാകുന്ന ബന്ധങ്ങളാണ് ഭാര്യയും മക്കളും! ദൈവവുമായുള്ള ബന്ധം മരണശേഷവും തുടരുന്നതാണ്. അതുകൊണ്ട് മക്കളോടുള്ള ബന്ധത്തിൽ നമ്മുടെ കടമകൾ ഭംഗിയായി നിറവേറ്റുന്നത് ആവശ്യമാണെങ്കിലും, ആത്മികകാര്യങ്ങളെപ്പോലും അവഗണിച്ചുകൊണ്ടുള്ള 'കുടുംബത്തെ പോറ്റൽ' ഒഴിവാക്കുക. മരണശേഷം തുടരാത്ത ബന്ധത്തിനല്ല (മക്കൾ), മരണശേഷം തുടരുന്ന ബന്ധത്തിനാണ് (ദൈവമായുള്ളത്) നാം കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്.

ഈ ഭൂമിയിലെ ബന്ധങ്ങളെല്ലാം വിലപ്പെട്ടവ തന്നെയാണ്. പക്ഷേ ആ വില ഈ ഭൂമിയിൽ മാത്രമേയുള്ളൂവെന്നു മാത്രം. മരണശേഷം നാമും ദൈവവുമായുള്ള ബന്ധം മാത്രമാണ് ശോഭിക്കുന്നത്. ദൈവത്തോടുകൂടെയുള്ള നിത്യത കഴിക്കുന്നതിനെക്കുറിച്ച് ചിന്തിച്ച് ഇന്ന് നാം ജീവിക്കണം. നമ്മുടെ മക്കൾ തലതിരിഞ്ഞുപോയെന്നോ, ഭാവിയിൽ തലമുറകൾ നശിച്ചുപോകുമെന്നോ ചിന്തിച്ച് നാം നെടുവീർപ്പിടേണ്ടതില്ല. നാം ഭക്തരായി ജീവിക്കുക. നാം ഉത്തരവാദിത്തബോധമുള്ളവരായി ജീവിക്കുക. ബാക്കിയെല്ലാം ദൈവത്തിനു വിടുക. ഭക്തനായ ശേമിന്റെ സന്തതിപരമ്പരകളിൽ ദുഷ്ടരായ നീനെവേക്കാർ വന്നുവല്ലോ.

**(തുടരും)**

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

41

## ഒരു ബൈക്ക് അപകടവും മൂന്നു പ്രതികരണങ്ങളും!

**2024 ജൂൺ 28**

രാവിലെ ട്യൂഷൻസെന്ററിലെ ക്ലാസ്സും കഴിഞ്ഞ് ഞാൻ ബൈക്കിൽ വീട്ടിലേക്ക് പോകുന്ന നേരം...

ട്യൂഷൻസെന്ററിൽനിന്നും വീട്ടിലേക്ക് 17 കി.മീ. ദൂരമുണ്ട്. വീട്ടിലെത്തി, രാവിലത്തെ ഭക്ഷണവും കഴിഞ്ഞതിനുശേഷം, മാസികയുടെ അടുത്ത ലക്കത്തിലേക്കുള്ള ലേഖനങ്ങൾ ടൈപ്പ് ചെയ്യണം എന്ന ആഗ്രഹത്തോടെ ഞാൻ ബൈക്കോടിച്ച് വരുന്നു. സമയം രാവിലെ ഏകദേശം 9.30...

വീടെത്താൻ മൂന്ന് കിലോമീറ്റർ മാത്രം... പെട്ടെന്നാണ് ഒരു വലിയ പൂച്ച എതിർദിശയിൽനിന്നും ശരവേഗത്തിൽ പാഞ്ഞുവന്നത്. ബ്രേക്ക് ചെയ്യാനുള്ള സാവകാശം ലഭിച്ചില്ല. ബൈക്കിന്റെ മുൻചക്രം അതിന്റെ മേൽ കയറി. ഞാനും ബൈക്കും തല്ലിയലച്ച് റോഡിലേക്ക് വീണു. ടാറിട്ട റോഡിൽ ഞാനും ബൈക്കും നിരങ്ങിനീങ്ങി.

ഹെൽമറ്റ് ഉണ്ടായിരുന്നതുകൊണ്ട് തലയ്ക്ക് പരിക്കേറ്റില്ല. ശരീരത്ത് പലയിടത്തും തൊലി പോവുകയോ ചതഞ്ഞ് നീലനിറമാവുകയോ ചെയ്തു. വലത് കൈയിൽ തോളിനു താഴെ അസ്ഥി പൊട്ടിത്തകർന്നു.

തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ മൂന്നു മണിക്കൂർ നീണ്ട ശസ്ത്രക്രിയ... ഒരു മെറ്റൽ തകിടും 11 സ്ക്രൂവും ചേർത്ത്, പൊട്ടിയ അസ്ഥിയെ ചേർത്തുവച്ചു.

ഐസിയുവിൽ കിടക്കുമ്പോഴും മാസികയെക്കുറിച്ചും ട്യൂഷൻസെന്ററിനെക്കുറിച്ചും ഒക്കെയായിരുന്നു ചിന്തിച്ചത്. മാസിക ഒരു ലക്കം പോലും മുടങ്ങാതെ പ്രസിദ്ധീകരിച്ചുവരുന്നതാണ്. അത് ഇത്തവണ ആദ്യമായി മുടങ്ങും എന്ന ചിന്ത എന്നെ വല്ലാതെ വേദനിപ്പിച്ചു. വരുമാനമാർഗ്ഗമായ ട്യൂഷൻസെന്ററിൽ പോകാൻ കഴിയില്ലെന്ന ചിന്തയും എന്നെ വിഷമിപ്പിക്കുന്നതായിരുന്നു.

### പ്രതികരണം 1

സർജറി കഴിഞ്ഞ് മൂന്നാം ദിവസം എനിക്ക് വീട്ടിലേക്ക് പോരാൻ സാധിച്ചു. വലതുകൈ നീരുവന്ന് വീർത്തിരുന്നു. വലിയ വേദനയും അസ്വസ്ഥതയും അനുഭവപ്പെട്ടിരുന്നു. എപ്പോഴും കട്ടിലിൽ കിടക്കണം; അതായിരുന്നു എന്റെ അവസ്ഥ.

തൊട്ടടുത്ത ദിവസം തൃശ്ശൂരിലെ ലാലൂരുള്ള ക്രിസ്തുസഭയിലെ ചില സഹോദരന്മാർ രണ്ടു വാഹനത്തിലായി എന്റെ വീട്ടിലേക്ക് വന്നു. കുറച്ചുനേരം അവരുമായി വർത്തമാനം പറഞ്ഞിരുന്നു. പിന്നീട് അല്പസമയം അവരോടൊത്ത് പ്രാർത്ഥിച്ചു.

അതിനിടയ്ക്ക്, ആ സഭയിലെ മൂപ്പനും ജീവദ്ധ്വനി മാസികയുടെ എഡിറ്ററുമായ വർക്കിച്ചേട്ടൻ (സി. ജെ. വർഗ്ഗീസ്) എന്നോട് പറഞ്ഞു: ജീവദ്ധ്വനിയിലേക്കുള്ള ലേഖനം ഒന്നുരണ്ടു ദിവസത്തിനുള്ളിൽ വേണം.

വലതുകയ്യിൽ ഓപ്പറേഷൻ കഴിഞ്ഞ് നാലാം ദിവസം കയ്യിൽ മൊത്തം നീരും കൈകാൽമുട്ടുകളിൽ മുറിവും ദേഹമാകെ ചതവും ആയി കഴിയുന്ന എന്റെ അടുത്ത് അദ്ദേഹം പറഞ്ഞ ആ 'കണ്ണിൽ ചോരയില്ലാത്ത' വാചകം കേട്ട് ഞാനൊന്നു ഞെട്ടി. പിന്നീട് ആ വാചകം എന്നിൽ പുഞ്ചിരിയുളവാക്കി.

2014 മുതൽ ജീവദ്ധ്വനിയിൽ ഞാൻ തുടർച്ചയായി എഴുതുന്നുണ്ട്. അത് ഇത്തവണ മുടങ്ങും എന്നോർത്തിരിക്കുമ്പോഴാണ് വർക്കിച്ചേട്ടന്റെ ഈ ഡയലോഗ്! ബാക്കിയുള്ളവർ അതിനെ പിന്താങ്ങുകയും ചെയ്തു.

അവർ പോയതിനുശേഷം ഞാൻ കമ്പ്യൂട്ടർ ഓണാക്കി ലേഖനം ടൈപ് ചെയ്യാൻ തുടങ്ങി. (ലേഖനം ആദ്യം കടലാസിൽ എഴുതി പിന്നീട് അത് ടൈപ് ചെയ്യുന്ന പതിവ് എനിക്കില്ല. മനസ്സിലുള്ള ആശയങ്ങൾ നേരിട്ട് ടൈപ്പ് ചെയ്യുന്ന രീതിയാണുള്ളത്)

കൈ ഉയർത്താൻ പറ്റാത്ത കാരണം കീബോർഡ് മടിയിൽ വച്ച് വളരെ പ്രയാസപ്പെട്ടും വേദന അനുഭവിച്ചും ആ ലേഖനം ടൈപ് ചെയ്യാൻ തുടങ്ങി. കുറച്ചുനേരം കഴിയുമ്പോഴേക്കും വേദന സഹിക്കാൻ പറ്റാതെ ചെന്നു കിടന്നു.

മൂന്നുപേജ് വരുന്ന ആ ലേഖനം ടൈപ് ചെയ്യാൻ മൂന്നു ദിവസം എടുത്തു. ആ ലേഖനം അവർക്ക് ഇമെയിൽ ചെയ്തപ്പോൾ എനിക്കുണ്ടായ സന്തോഷം വളരെ വലുതായിരുന്നു.

ദൈവത്തിനു സ്തോത്രം! ക്രിസ്തുസഭയിലെ സഹോദരന്മാരെ എന്റെ അടുത്തേക്ക് പറഞ്ഞയച്ചതിന്... എന്റെ ലേഖനം വേണം എന്ന് പറഞ്ഞ് അവർ എന്നെ പ്രോത്സാഹിപ്പിച്ചതിന്...

### പ്രതികരണം 2

സർജറിക്കുശേഷം ഹോസ്പിറ്റലിൽ കഴിയുമ്പോൾ ഓർത്തോയുടെ സ്ത്രീവാർഡിൽനിന്നും ഒരു നഴ്സ് മുഖം നിറയെ പുഞ്ചിരിയുമായി എന്റെ അടുത്തേക്ക് വന്നു.

ഞാൻ പൂമല ബ്രദ്റൺ ചർച്ചിലെ ജോൺസൺബ്രദറിന്റെ ഭാര്യയാണ് എന്ന് അവർ പരിചയപ്പെടുത്തി.

സംസാരമദ്ധ്യേ ആ സഹോദരി പറഞ്ഞു: ഞാൻ ഇതിനെക്കുറിച്ച് എന്റെ ഹസ്ബന്റിനോട് പറഞ്ഞപ്പോൾ, ഇനി മാസികയുടെ കാര്യം എന്തു ചെയ്യും എന്ന് ആള് ചോദിച്ചു. മാസിക ഞങ്ങൾക്ക് വലിയ ഇഷ്ടമാണ്. ഞങ്ങളെല്ലാവരും അത് വായിക്കും. മക്കളും അത് താത്പര്യത്തോടെ വായിക്കും.

ജൂലൈ മാസത്തിൽ മാസിക പ്രസിദ്ധീകരിക്കാൻ കഴിയില്ലെന്ന ചിന്തയുമായി കഴിഞ്ഞിരുന്ന എനിക്ക് മാസിക എങ്ങനെയെങ്കിലും പ്രസിദ്ധീകരിക്കണം എന്ന ശക്തമായ ആഗ്രഹം ഉള്ളിൽ ഉണ്ടാകുവാൻ ഈ പ്രതികരണം സഹായിച്ചു.

വീട്ടിലെത്തിയ ഞാൻ ജീവദ്ധ്വനിയുടെ ലേഖനം കൊടുത്തതിനു ശേഷം റിയൽ ലൈഫ് വോയ്സിന്റെ ലേഖനങ്ങൾ ടൈപ്പ് ചെയ്യാൻ തുടങ്ങി. അപകടം പറ്റുന്നതിനു മുമ്പ് കുറച്ച് ടൈപ്പ് ചെയ്തു വച്ചിരുന്നു.

വലിയ രീതിയിൽ ബുദ്ധിമുട്ടിയും വേദന സഹിച്ചുമാണ് ജൂലൈ മാസത്തിലെ മാസിക തയ്യാറാക്കിയത്. 17-ാം തീയതി മാസിക പോസ്റ്റ് ചെയ്യണം. 9-ാം തീയതിയാണ് പ്രസ്സിൽ മാറ്റർ കൊടുത്തത്. മണ്ണുത്തിയിലെ ചിറയത്ത് പ്രിന്റേഴ്സ് ഒരു അത്ഭുതം കാണിച്ചു - പിറ്റെ ദിവസം തന്നെ അത് പ്രിന്റ് ചെയ്ത് തന്നു!

17-ാം തീയതി തന്നെ മാസിക പോസ്റ്റ് ചെയ്തു. ദൈവത്തിനു സ്തോത്രം! ആ സഹോദരിയുടെ വാചകങ്ങൾക്ക്... അതിലൂടെ ലഭിച്ച പ്രോത്സാഹനത്തിന്...

**പ്രതികരണം 3**

എല്ലാ രണ്ടാംശനിയാഴ്ചകളിലും തലോരുള്ള സഭയിലെ ബ്രദർ സജി ജേക്കബിന്റെ വീട്ടിൽ രാത്രിയിൽ ബൈബിൾ ക്ലാസ്സ് നടത്തിവരുന്നുണ്ട്.

ജൂലൈ മാസത്തിലെ രണ്ടാംശനിയാഴ്ച ആ ക്ലാസ്സിന് പോകാൻ എനിക്ക് കഴിയില്ല എന്ന് എല്ലാവർക്കും അറിയാം. എന്റെ വീട്ടിൽനിന്നും ഇരുപത്തിയഞ്ച് കിലോമീറ്റർ ദൂരം സഞ്ചരിക്കണം. ബലഹീനമായ ശരീരവും വച്ച് അത്രയും ദൂരം സഞ്ചരിക്കുക ബുദ്ധിമുട്ടാണ്.

ഈ സെക്കന്റ് സാറ്റർഡേ എന്തു ചെയ്യും? ഞാൻ ബ്രദർ സജിജേക്കബിനോട് ചോദിച്ചു. ഉടനെ വന്നു മറുപടി: സെബാസ്റ്റ്യൻചേട്ടൻ റെഡിയാണെങ്കിൽ ഞങ്ങളും റെഡി.

ഇത്രയും പരിക്കുകൾ പറ്റിയതല്ലേ, മതിയായ വിശ്രമം വേണം. ഈ ശനിയാഴ്ചയിലെ ക്ലാസ്സ് നമുക്ക് വേണ്ടെന്നു വയ്ക്കാം എന്നൊരു മറുപടിയാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ ആ ക്ലാസ്സ് തുടരണം എന്ന ആഗ്രഹമാണ് അദ്ദേഹം പ്രകടിപ്പിച്ചത്.

കാറ് കൊണ്ട്വന്ന് എന്നെ കൊണ്ടുപോകാൻ അവർ തയ്യാറായിരുന്നു. പക്ഷേ അതിന്റെ ആവശ്യം വന്നില്ല. ഞാനും കുടുംബവും ഞങ്ങളുടെ കാറിൽ തന്നെ അങ്ങോട്ടേക്ക് പോയി. കാറോടിക്കാൻ ദൈവം എന്നെ ബലപ്പെടുത്തി.

ദൈവത്തിനു സ്തോത്രം! ആ ബൈബിൾക്ലാസ്സിന് മുടക്കം വന്നില്ല.

ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന ബ്രദർ രാജൻകുന്നിലോന്റെ വീട്ടിൽ എല്ലാ ബുധനാഴ്ചകളിലും രാത്രിയിൽ ബൈബിൾ ക്ലാസ്സ് നടത്തുന്നുണ്ട്. എന്റെ ശാരീരികബുദ്ധിമുട്ട് പരിഗണിച്ച് ആ ബുധനാഴ്ച അവർ എല്ലാവരും എന്റെ വീട്ടിലേക്ക് വന്നു. ബൈബിൾക്ലാസ്സ് അന്ന് എന്റെ വീട്ടിൽ നടത്തി. ദൈവത്തിന് സ്തോത്രം!

ഒരാഴ്ച മാത്രമേ ട്യൂഷൻസെന്റർ അടച്ചിടേണ്ടിവന്നുള്ളൂ. ബുദ്ധിമുട്ടും വേദനയും പ്രയാസവും സഹിച്ചാണെങ്കിലും ഞാൻ ട്യൂഷൻസെന്ററിൽ ക്ലാസ്സുകൾ എടുത്തു. ഭാര്യയോടൊപ്പം എല്ലാ ദിവസവും ട്യൂഷൻ സെന്ററിൽ പോയി. വലതുകൈ ഉയർത്താൻ സാധിക്കാത്തതുകൊണ്ട് ബോർഡിൽ എഴുതുന്നതിന് നന്നേ പ്രയാസപ്പെടേണ്ടിവന്നു. എങ്കിലും എന്നെ ദൈവം സഹായിച്ചു.

*അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിൽ പലതും സംഭവിക്കുന്നു. മറ്റു പല അപകടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എനിക്ക് സംഭവിച്ച അപകടം ചെറുതാണ്. പക്ഷേ ആ അപകടം എന്റെ സാമ്പത്തിക സ്ഥിതിയേയും ശുശ്രൂഷകളേയും മലർത്തിയടിക്കാൻ മതിയായതായിരുന്നു. പക്ഷേ ദൈവം ഈ സാധുവിന് കൂട്ടുനിന്നു.*

*റോഡിൽ തെറിച്ചുവീണ എന്റെ മേൽ മറ്റു വാഹനങ്ങൾ കയറിയിറങ്ങാതെ ദൈവം സംരക്ഷിച്ചു. ബൈക്കിന്റെ ഹാൻഡിൽ നെഞ്ചത്ത് കുത്തിയമർന്ന് മരിക്കാൻ എനിക്കിടയാകാതെ ദൈവമെന്നെ സംരക്ഷിച്ചു. കാലുകളിൽ മുറിവും ചതവും നീരും വന്നുവെങ്കിലും കാലുകളിലെ അസ്ഥികൾ പൊട്ടാതെ ദൈവം കാത്തു.*

*തക്ക സമയത്ത് അവിടെയുണ്ടായിരുന്ന ആളുകൾ എന്നെ സഹായിച്ചു. ഒരാൾ അദ്ദേഹത്തിന്റെ വാഹനത്തിൽ എന്നെ ഹോസ്പിറ്റലിൽ എത്തിച്ചു.*

*ആശുപത്രിയിലും വീട്ടിലുമായി നിരവധി സഹോദരീസഹോദരന്മാർ എന്നെ സന്ദർശിച്ചു. ആശുപത്രിയിലായിരിക്കുമ്പോൾ എനിക്ക് ഭക്ഷണം എത്തിച്ചു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.*

*ദൈവത്തിന്റെ കരുതലും സഹോദരവർഗ്ഗത്തിന്റെ സ്നേഹവും ഈ നാളുകളിൽ കൂടുതൽ അനുഭവിച്ചറിയുവാൻ ഇടയായത് വലിയൊരു അനുഭവം തന്നെയാണ്.*

സഹിച്ച വേദനയെക്കുറിച്ചും ചെലവായ പണത്തെക്കുറിച്ചും ഓർത്ത് ഞാൻ ദുഃഖിക്കുന്നില്ല. ദൈവം നൽകിയ ആയുസ്സിനായി ദൈവത്തിന് നന്ദി പറയുന്നു. എനിക്ക് ദൈവം വച്ച ജീവകാലം പൂർത്തിയാകുമ്പോൾ ദൈവം എന്നെ ഈ ഭൂമിയിൽനിന്നും മാറ്റിക്കൊള്ളട്ടെ.

അതുവരെ ദൈവത്തിനായി ജീവിക്കണം. ദൈവം അനുവദിക്കുന്നിടത്തോളം ശുശ്രൂഷകളിൽ തുടരണം. ഈ ലേഖനം ടൈപ്പ് ചെയ്യുമ്പോഴും എന്റെ വലതുകൈ ഉയർത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും സൗഖ്യദായകനിൽ ആശ്രയിച്ച് മുന്നോട്ട്...

# തട്ടും തലോടലും

**-എംവിഎസ്-**

6

**എല്ലാ അർത്ഥത്തിലും ദൈവത്തിനുവേണ്ടിയാണ് ഞാൻ ജീവിച്ചിട്ടുള്ളത്. ദൈവത്തെ മറന്ന് ഒരിക്കലും പ്രവർത്തിച്ചിട്ടില്ല – കെ. എസ്. ചിത്ര**

ദൈവത്തിനുവേണ്ടി ജീവിക്കുന്നു എന്നവകാശപ്പെടുന്ന പലരും ദൈവത്തിനുവേണ്ടി ജീവിക്കുന്നില്ല എന്നതാണ് വാസ്തവം. പല ദൈവങ്ങളേയും വിളിച്ചപേക്ഷിക്കുന്നവർ ഒരു ദൈവത്തിലും ശരിയായി വിശ്വാസമില്ലാത്തവരാണ്. ശരിയായ ദൈവത്തെ (ഏകദൈവത്തെ) ശരിയായ നിലയിൽ (ആ ദൈവം ഇഷ്ടപ്പെടുന്ന നിലയിൽ) പ്രസാദിപ്പിച്ച് ജീവിക്കുമ്പോൾ മാത്രമേ, ഞാൻ ദൈവത്തിനുവേണ്ടി ജീവിക്കുന്നു എന്നവകാശപ്പെടാൻ ഒരാൾക്ക് അർഹതയുണ്ടാകുന്നുള്ളൂ.

**റോഡിലെ കുഴിയിൽ വീണ് പരിക്കേറ്റ ആൾ മരിച്ചു. 50 വയസ്സുള്ള സഗീർ ആണ് മരിച്ചത്. കഴിഞ്ഞ രാത്രി 11 നായിരുന്നു അപകടം. സൈക്കിളിൽ സഞ്ചരിക്കവേ റോഡിലെ വലിയ കുഴിയിൽ വീണ് പരിക്കേൽക്കുകയായിരുന്നു (2024 സെപ്റ്റംബർ 19 ലെ പത്രവാർത്ത)**

നമ്മുടെ ഏതോ ഒരു മന്ത്രി റോഡുകളെക്കുറിച്ച് പഠിക്കാൻ നമ്മുടെ നികുതിപ്പണവും എടുത്ത് വിദേശരാജ്യങ്ങൾ സന്ദർശിച്ചിരുന്നു. പഠനമൊക്കെ കഴിഞ്ഞിട്ട്, ഇവിടെ വന്ന് ഒറ്റ തള്ള്! റ്റൂവീലറിന് പോകാൻ ഒരു റോഡ്... ത്രീവീലറിന് പോകാൻ ഒരു റോഡ്... ഫോർവീലറിന് പോകാൻ ഒരു റോഡ്... എന്റെ പൊന്നുംകട്ട മന്ത്രീ, ഇങ്ങള് ഇങ്ങനെ പല റോഡുണ്ടാക്കി കേരളം മുഴുവൻ ടാറിട്ട് നിറയ്ക്കാതെ, പൊന്നേ! ഇങ്ങള് ഉള്ള റോഡിന്റെ കുഴികളൊന്ന് അടയ്ക്കപ്പാ! പാതിരാത്രി ജോലിയും കഴിഞ്ഞ് വരുന്ന ഒരു പാവം പൗരൻ ആണ് ദയനീയമായി കൊല്ലപ്പെട്ടത് എന്നോർക്കൂ.

**സാംബവ പെന്തെക്കോസ്ത് യുവാവ്, സിറിയൻ പെന്തെക്കോസ്ത് യുവാവ് (2024 സെപ്റ്റംബർ 29 ലെ ഒരു പത്രത്തിലെ വൈവാഹിക പംക്തിയിൽ കണ്ടത്)**

ഈഴവ പെന്തെക്കോസ്ത്, വിശ്വകർമ്മ പെന്തെക്കോസ്ത്, സാംബവ പെന്തെക്കോസ്ത്, സിറിയൻ പെന്തെക്കോസ്ത് എന്നൊക്കെ പറയുന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? പെന്തെക്കോസ്ത് എന്ന വാക്കിന്റെ കൂടെ വിട്ടുപോന്ന ജാതിയുടെ പേരും കൂടി ചേർക്കുന്ന ഈ സമ്പ്രദായം പെന്തെക്കോസ്തുപാസ്റ്റർമാർ ദയവായി പ്രോത്സാഹിപ്പിക്കരുത്.

## www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th October 2024

Posted at
Thrissur RMS

**ആനുകാലികം**

## പുഷ്പൻ എന്ന രക്തപുഷ്പം!

കൂത്ത്പറമ്പ് പോലീസ് വെടിവയ്പിലെ 'ജീവിക്കുന്ന രക്തസാക്ഷി' ചൊക്ലി മേനപ്രത്തെ പുതുക്കുടി പുഷ്പൻ (53) വിടപറഞ്ഞു. സഹകരണമന്ത്രിയായിരുന്ന എം. വി. രാഘവനെതിരെ 1994 നവംബർ 25 ന് കൂത്തുപറമ്പിൽ കരിങ്കൊടിയുമായി പ്രതിഷേധിച്ച ഡിവൈഎഫ്ഐ പ്രവർത്തകർക്കു നേരെ നടന്ന പോലീസ് വെടിവയ്പിൽ പുഷ്പന്റെ പിൻകഴുത്തിൽ വെടിയേറ്റു സുഷുമ്ന നാഡി തകർന്നു. അന്ന് പുഷ്പന് 24 വയസ്സായിരുന്നു. അന്നു മുതൽ കഴുത്തിനു താഴെ ചലനശേഷി നഷ്ടപ്പെട്ട് കിടപ്പിലായിരുന്നു.

അതിവൈകാരികമായി, മുദ്രാവാക്യം വിളികളോടെയാണ് ഓരോ കേന്ദ്രത്തിൽനിന്നും പുഷ്പന്റെ മൃതദേഹത്തെ യാത്രയാക്കിയത്. സഹനസൂര്യൻ അസ്തമിച്ചിട്ടില്ലെന്നും തങ്ങളിലൂടെ ജ്വലിക്കുമെന്നും പാർട്ടിപ്രവർത്തകർ തൊണ്ടയിടറി മുദ്രാവാക്യം മുഴക്കി (പത്രവാർത്ത, സെപ്റ്റംബർ 2024)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V